15 (*468) സാംസ്കാരിക വകുപ്പിന് ഡയറക്ടറേറ്റ്

ശ്രീ. എ.കെ. മണി :

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാംസ്കാരിക വകുപ്പിന് ഡയറക്ടറേറ്റ് സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) ഇപ്പോൾ സാംസ്കാരിക രംഗത്തെ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും, പ്രവർത്തനം കാര്യക്ഷമമായി നടത്തുകയും ചെയ്യുന്നതിനുള്ള സംവിധാനം എന്തെല്ലാമാണ്;

(സി) ഈ സംവിധാനം കൊണ്ട് സാംസ്കാരിക രംഗത്തെ പ്രവർത്തനം ഊർജ്ജസ്വലമായി നടത്താൻ കഴിയുന്നുണ്ടോ;

(ഡി) സാംസ്കാരിക വകുപ്പിന് ഒരു ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ),(ബി),(സി)&(ഡി) സർക്കാർ ഈയിടെ പ്രഖ്യാപിച്ച സാംസ്കാരിക നയത്തിന്റെ അടിസ്ഥാനത്തിൽ ഒരു സാംസ്കാരിക ഡയറക്ടറേറ്റ് രൂപീകരിക്കുന്ന കാര്യം പരിശോധനയിലാണ്.

16 (*469) സമഗ്ര കുടിവെള്ള വിതരണ നയം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടായിരാമാണ്ടോടെ സംസ്ഥാനത്ത് എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കാനുള്ള പദ്ധതിക്ക് ഗവണ്മെന്റ് രൂപം കൊടുത്തിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി ഒരു സമഗ്രകുടിവെള്ള വിതരണ നയം ഗവണ്മെന്റ് ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇല്ലാത്തപക്ഷം ഒരു സമഗ്ര കുടിവെള്ള വിതരണ നയം പ്രഖ്യാപിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള)

(എ) ഉണ്ട്.

(ബി) 2000-മാണ്ടിൽ സംസ്ഥാനത്ത് എല്ലാ ജനങ്ങൾക്കും (ഗ്രാമീണജനതയ്ക്ക് ആളൊന്നിന് പ്രതിദിനം 40 ലിറ്റർ എന്ന നിരക്കിലും നഗരവാസികൾക്ക് 70 ലിറ്റർ എന്ന നിരക്കിലും) കുടിവെള്ളം എത്തിക്കുന്നതിനുള്ള ഒരു പദ്ധതി ജല അതോറിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഭൂജലവകുപ്പ് എന്നിവയുടെ സംയുക്ത സംരംഭത്തോടെ നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ രൂപം കൊടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം 39 എണ്ണത്തിന്റെ പണിപൂർത്തീകരിച്ചു. (അനുബന്ധം 1-ൽ വിശദവിവരം ചേർത്തിരിക്കുന്നു).† 1999-2000 മാണ്ടിൽ 48 പദ്ധതികളും, 2000-2001 ൽ 41 പദ്ധതികളും പൂർത്തീക

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly